ഉത്തരം

ഇതു സംബന്ധിച്ച വിവരം അനുബന്ധമായി വച്ചിട്ടുണ്ട്. †

കേളപ്പജിയുടെ വീട്

113 (1676) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള ഗാന്ധി കേളപ്പജി ജനിച്ചു വളർന്ന വീട് പുരാവസ്തു വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിക്കാനും ഒരു ചരിത്രസ്മാരകമായി നില നിർത്താനും സർക്കാർ നടപടിയെടുക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സാംസ്ക്കാരിക മേഖലയിലെ നേട്ടം

114 (1677) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക മേഖലയിൽ കഴിഞ്ഞ് നാലു വർഷമായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കേരളത്തിലെ സർക്കാർ നിയന്ത്രണ സാംസ്ക്കാരിക സ്ഥാപനങ്ങൾ നേടിയ ദേശീയവും അന്തർദേശീയവുമായ അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ചലച്ചിത്രം, സംഗീതം, ചിത്രശില്പം സാഹിത്യകൃതികൾ ഇവയിലായി കേരളത്തിൽ നിന്നും ദേശീയവും, സാർവ്വദേശീയവുമായ അംഗീകാരം നേടിയ വ്യക്തികളും പ്രസ്ഥാനങ്ങളും ഏതൊക്കെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിന്റെ ചെലവ്

115 (1678) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം III

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിന്റെ ചെലവും സ്വകാര്യ പ്രസ്സുകളിൽ അത്തരം ജോലികൾ ചെയ്യുന്നതിനുള്ള ചെലവും താരതമ്യം ചെയ്തിട്ടുണ്ടോ ; എങ്കിൽ ചെലവ് കൂടുതലാകുന്നത് എവിടെയാണ് ;

(ബി) ഇതിന്റെ കാരണം അന്വേഷിക്കുമോ ;

(സി) എല്ലാ ഷിഫ്റ്റിലും വർക്ക് ചെയ്യാനുള്ള ജീവനക്കാരുടെ കുറവുമൂലം ഓവർടൈം അലവൻസ് കൊടുക്കുന്നതിന് എന്തു ചെലവ് വരും ;

(ഡി) ഇതൊഴിവാക്കാൻ വേണ്ടത്ര ജീവനക്കാരെ നിയമിച്ച് ഓവർടൈം നിർത്തലാക്കുമോ ?

ഉത്തരം

(എ) ഇല്ല. എങ്കിലും സർക്കാർ പ്രസ്സുകളിലെ അച്ചടിയുടെ ചെലവ് സ്വകാര്യ പ്രസ്സുകളുമായി താരതമ്യപ്പെടുത്തുമ്പോൾ പൊതുവേ കൂടുതലായിരിക്കും.

(ബി) പ്രൈവറ്റ് പ്രസ്സുകളിലെ ജീവനക്കാരുടെ വേതനം മറ്റു സർക്കാർ പ്രസ്സുകളിലെ ജീവനക്കാരേക്കാൾ കുറവാണെന്നുള്ളതും സർക്കാർ പ്രസ്സുകളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് താരതമ്യേന കൂടുതലാണ് എന്നുള്ളതുമാണ് ഇതിനുള്ള കാരണം.

(സി) പ്രതിവർഷം ഏകദേശം രണ്ടു കോടി രൂപയോളം ചെലവ് വരും. എന്നാൽ തെരഞ്ഞെടുപ്പു സംബന്ധമായ അച്ചടി ജോലികൾ പോലെ സമയബന്ധിതമായി ചെയ്തു തീർക്കേണ്ട ജോലികൾ നിർവ്വഹിക്കേണ്ടി വരുമ്പോൾ കൂടുതൽ ഓവർടൈം നൽകേണ്ടി വരും.

(ഡി) നിലവിലുള്ള സർക്കാർ പ്രസ്സുകൾ ആധുനികവൽക്കരിച്ചും സർക്കാർ പ്രസ്സുകൾ ഇല്ലാത്ത ജില്ലകളിൽ കൂടുതൽ സർക്കാർ പ്രസ്സുകൾ ആരംഭിച്ചും ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

സർക്കാരിന്റെ അച്ചടി ജോലികൾ

116 (1679) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ അച്ചടി ജോലികളെല്ലാം സർക്കാർ പ്രസ്സുകൾ തന്നെ നിർവഹിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം വർക്കുകളാണ് പ്രൈവറ്റ് പ്രസ്സുകളിൽ ചെയ്യിക്കുന്നത് ;

(സി) സർക്കാർ പ്രസ്സുകളിൽ ജോലി പൂർണ്ണമായും ചെയ്യിക്കുന്നതിന് ആവശ്യമായിട്ടുള്ള മെഷീനുകളുടേയും ജീവനക്കാരുടേയും കുറവും നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly